Week -5

# Weekly Devotion – 2017 March

# Helping the Weak and the Needy

## പ്രാപ്തിയില്ലാത്തവരെ സഹായിക്കുക

"We make a living by what we get , but we make a life by what we give"

An old saying

പ്രാപ്തിയില്ലാത്തവന് കൊടുക്കുക എന്ന് പറയുമ്പോൾ ഭൗമീക നന്മകളുടെ സഹായത്തെപ്പറ്റിയാണ് മാനുഷീക ചിന്തയിൽ കടന്നു വരുന്നത്. ദൈവത്തിൽ നിന്ന് സാമ്പത്തീക നന്മകൾ ഏറ്റുവാങ്ങിയ ഒരു മനുഷ്യൻ ഒരിക്കൽ ആരാധനാ മദ്ധ്യത്തിൽ വിധവയായ ഒരു സ്ത്രീ വാടക കൊടുക്കുവാനില്ലാതെ അനുഭവിക്കേണ്ടി വന്ന കഷ്ടതയെപ്പറ്റി പാസ്റ്റർ പറയുന്നത് കേൾക്കുകയുണ്ടായി. ആരാധന കഴിഞ്ഞ് അദ്ദേഹം നേരെ പോയത് വിധവയുടെ വീട്ടിലേക്കായിരുന്നു. വീട്ടു വാടക നൽകാത്തതിനാൽ ഉടമ വലിച്ചെറിഞ്ഞ വീട്ടുപകരണങ്ങൾ കിടക്കുന്ന സ്ഥലത്തിരുന്നു കരയുന്ന സ്ത്രീയെ ആശ്വസിപ്പിക്കുകയും, വീടും പരിസരവും തന്റെ ജോലിക്കാരെ കൊണ്ട് പഴയതിലും ഭംഗിയായി ക്രമീകരിച്ച് നൽകുകയും ചെയ്തു. കുടിശ്ശിക വാടകയും ഒരു വർഷത്തെ വാടക സമയത്തിന് മുൻപു തന്നെ അയാളെ ഏല്പിക്കുകയും ചെയ്തു. ഒരു മാസത്തേക്കാവശ്യമായ ഭക്ഷണ സാധനങ്ങളും നൽകുകയുണ്ടായി. അന്നു വൈകിട്ട് പ്രാർത്ഥിക്കുവാൻ ഇരുന്നപ്പോൾ ഇന്നു വരെയനുഭവിക്കാത്ത ഒരു സന്തോഷം താൻ അനുഭവിച്ചു എന്നാണ് അദ്ദേഹം സാക്ഷിച്ചത്.

ദൈവത്തിൽ നിന്ന് പുറപ്പെടുന്ന നന്മ ഏറ്റെടുക്കുന്നവർക്ക് ഈ ഭൂമിയിൽ സ്വർഗ്ഗീയ സന്തോഷം അനുഭവിക്കുവാൻ സാധിക്കുമെന്ന് നാമറിയേണ്ടതാണ്.. നാം ചെയ്യുന്ന നന്മകൾ സ്വർഗ്ഗീയാനുഭൂതിയിൽ കൂടി പുറത്തേക്ക് വന്നെങ്കിലേ സ്വർഗ്ഗീയ സന്തോഷത്തിന് നാം ഓഹരിക്കാർ ആകുന്നുള്ളൂ. പ്രാപ്തിയില്ലാത്തവരെ ശുശ്രൂഷിക്കുന്നതും അവർക്കുവേണ്ടി പ്രാപ്തിക്കുന്നതും കൊടുക്കുന്നതിനു തുല്യമാണ്.

മദർതെരേസ ഈ വിഷയത്തിൽ ഒരു അത്ഭുതമാണ്. ഇംഗ്ലണ്ടിലുള്ള മനുഷ്യസ്നേഹിയായ ഒരു നേഴ്സിന്റെ പ്രതിമ നഗരത്തിന്റെ ഹൃദയഭാഗത്ത് സൂക്ഷിച്ചിട്ടുണ്ട്. കൽക്കരിത്തൊഴിലാളിയായ ഒരു നിസ്സഹായനായ മനുഷ്യനെ പരിചരിച്ച് ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വന്നു എന്നതാണ് കാരണം. അപകടത്തിൽ വലതുകരം ചതഞ്ഞതിനാൽ മുറിച്ചു കളയണം എന്ന് ഡോക്ടർ പറഞ്ഞിട്ടും ജോലിചെയ്യുന്നവന് വലതുകരം അത്യാവശ്യമാണ് എന്നു പറഞ്ഞ് ഡോക്ടറുടെ മേൽനോട്ടത്തിൽ അതീവ ശ്രദ്ധയോടെ പരിചരിച്ച് തൊഴിൽ ചെയ്യുവാൻ സിസ്റ്റർ ഡോറ അയാളെ മടക്കി അയച്ചു. കുറെ നാളുകൾക്ക് ശേഷം ഡോറ രോഗിയായി എന്നറിഞ്ഞ് കാണുവാൻ വന്ന അയാൾക്ക് അത് സാധിച്ചില്ല. ഒരു കടലാസിൽ ഇപ്രകാരം എഴുതി ('' സിസ്റ്റർ ഡോറയുടെ കരമാണ് ഈ വാതിൽക്കൽ മുട്ടിയത്'') ഒട്ടിച്ചിട്ട് അദ്ദേഹം മടങ്ങി.

വാങ്ങുന്നതിനേക്കാളും കൊടുക്കുന്നത് ഏറെ നല്ലതാകുമ്പോൾ കൊടുക്കുവാൻ നാം കരുതണം. ഭൗമീകമായതല്ല പത്രോസ് പറഞ്ഞതുപോലെയാകണം. സുന്ദരം എന്ന ദേവാലയവാതിൽക്കൽ ഇരുന്ന് തന്നെ നോക്കിയവനോടു പറഞ്ഞത് "എന്റെ കയ്യിലുള്ളത് നിനക്ക് തരാം" . എന്താണ് കൈവശമുള്ളത് - യേശുവിന്റെ നാമം. ഇതാണ് ഏറ്റവും ശക്തമെന്ന് പത്രോസിനറിയാം. പ്രതികൂലക്കാറ്റുകളെ നിശ്ചലമാക്കുന്ന , യെരിഹോ എന്ന മാർഗ്ഗ തടസ്സങ്ങളെ മാറ്റുന്ന , ശത്രു കാണാതെ മറയ്ക്കുന്ന , നിനക്കെതിരായി വരുന്ന ആയുധങ്ങളെ നിഷ്ഫലമാക്കി ശത്രുവിനെ സംഹരിക്കുന്ന നാമമാണ് അത്. ഈ നാമം സ്വീകരിച്ചവന്റെ അവസ്ഥ മാറി. പഴയ ബലഹീനതമാറിയവൻ ഇന്ന് നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്തി.



മർക്കോ: (7:34)ൽ യേശു കാണിച്ചു തന്ന മാതൃകയും ശ്രദ്ധേയമാണ്. ചെകിടനും വിക്കനുമായവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ, സ്വർഗ്ഗത്തേക്കു നോക്കി നെടുവീർപ്പിട്ടു എന്ന് കാണുന്നു. എന്റെ മനസ്സിനെ ഏറ്റവും ഉലച്ച ഒരു കാര്യമാണ് ഇത്. നമ്മുടെ അവസ്ഥകളിൽ ഭാരമുള്ള വ്യക്തിയാണ് യേശു. എന്നാൽ പുകഴ്ചയോ, പ്രസിദ്ധിയോ അദ്ദേഹം ആഗ്രഹിച്ചില്ല. അതിനാലാണ് പുരുഷാരത്തിന്റെ അടുക്കൽ നിന്നും മാറി നിന്നത്. പിതാവിനോടുള്ള പ്രാർത്ഥനയും അതിനുശേഷം 'എഫഥാ' എന്ന വാക്ക് ഉച്ചരിച്ചതും അയാളുടെ ചെവിതുറന്നു. നാവിന്റെ കെട്ട് അഴിക്കുവാനും കാരണമായി. ആവശ്യങ്ങളിൽ ഇരിക്കുന്നവർക്കു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കേണ്ടത് അത്യാവശ്യമാണ്. സ്വർഗ്ഗീയ പ്രേരണയാൽ ചെയ്യുന്ന നന്മ സ്വർഗ്ഗീയ സന്തോഷം നമുക്ക് പ്രദാനം ചെയ്യുവാൻ ദൈവം സഹായിക്കട്ടെ. നമ്മുടെ കണ്ണുകൾ പർവ്വതങ്ങളിലേക്ക് ഉയർത്താം, സഹായം നിശ്ചയമായും ലഭ്യമാകും.

**<u>പ്രാർത്ഥന</u>**

എളിയവരുടെ നിലവിളി കേൾക്കുന്ന ദൈവമേ ! ദോഷം വിട്ടകന്ന് പ്രാപ്തിയില്ലാത്തവർക്ക് ഗുണം ചെയ്യുന്നവരായി ഞങ്ങളെ തീർക്കേണമേ. പ്രാർത്ഥനയുടെ ആത്മാവിനാൽ ഞങ്ങളെ നിറച്ച് മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind